**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1565** **15-03-2022 - ൽ മറുപടിയ്ക്ക്**

**ജൈവ ഗൃഹം-സംയോജിത കൃഷി സമ്പ്രദായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | null<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്ന ജൈവ ഗൃഹം-സംയോജിത കൃഷി സമ്പ്രദായം പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്തെ ജില്ലകളിൽ നടപ്പാക്കിയ പ്രോജക്റ്റുകൾ, അവയ്ക്കായി വകയിരുത്തിയ തുക, പദ്ധതി നിർവ്വഹണം എന്നിവ സംബന്ധിച്ച വിവരങ്ങൾ പട്ടികയായി ലഭ്യമാക്കാമോ? | (എ) | ഭക്ഷ്യ സ്വയംപര്യാപ്തത ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സംയോജിത ഭക്ഷ്യ സുരക്ഷാ പദ്ധതിയായ സുഭിക്ഷകേരളം പദ്ധതിയുടെ ഒരു പ്രധാന ഘടകമാണ് ജൈവഗൃഹം-സംയോജിത കൃഷി (IFS). കാർഷിക മേഖലയിൽ സംഭവിക്കുന്ന കൃഷി ഭൂമിയുടെ ഉണ്ടുവല്ക്കരണവും മനുഷ്യരുടെയും പ്രകൃതിയുടെയും ഇടപെടലുകളും കാരണം കാർഷിക മേഖലയുടെ പുരോഗതി വെല്ലുവിളികൾ നിറഞ്ഞതാവുകയും അതിന്റെ ഫലമായി കാർഷിക പുരോഗതിക്ക് ഇടിവ് സംഭവിക്കുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പം 2018, 2019 വർഷങ്ങളിൽ കേരളത്തിൽ സംഭവിച്ച അതിരൂക്ഷമായ വെള്ളപ്പൊക്കവും മണ്ണിടിച്ചിലും കാർഷിക മേഖലയേയും കർഷകരുടെ ജീവിത നിലവാരത്തെയും സാരമായി ബാധിച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ സംയോജിത കൃഷിരീതികൾ അനുവർത്തിച്ചുകൊണ്ടുള്ള സുസ്ഥിരകൃഷി വികസനം കർഷകരുടെ ഉപജീവനമാർഗ്ഗം മെച്ചപ്പെടുത്തി കർഷകരുടെ നിലനിൽപ്പ് ഉറപ്പുവരുത്തുന്നു. പദ്ധതിയിൽ ഇടുക്കി, വയനാട് എന്നീ ജില്ലകൾക്ക് പ്രത്യേക ഊന്നൽ നൽകുകയും ചെയ്യുന്നു. കൃഷി വകുപ്പിന്റെ ജൈവഗൃഹം-സംയോജിതകൃഷി പദ്ധതിയിൽ 14,000 സംയോജിത കൃഷി യൂണിറ്റുകൾക്ക് ധനസഹായം നൽകുക എന്നതായിരുന്നു പദ്ധതി ലക്ഷ്യം. റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി 50 കോടി രൂപയാണ് രണ്ട് വർഷങ്ങളിലായി പദ്ധതി നടത്തിപ്പിന് വിഭാവനം ചെയ്തിട്ടുള്ളത്. 2020-21 വർഷത്തിൽ 35 കോടി രൂപയും 2021-22-ൽ 15 കോടി രൂപയുമാണ് സംസ്ഥാന സർക്കാർ വകയിരുത്തിയിട്ടുള്ളത്. ഇത്തരത്തിൽ സംരംഭം തുടങ്ങുന്നതിന് തയ്യാറായി വരുന്ന കർഷകർക്ക് ഇതിനുവേണ്ട വായ്പാ സൗകര്യവും ബാങ്കുകളുടെ സഹകരണത്തോടെ |

കൃഷിവകുപ്പ് സജ്ജമാക്കി നൽകുന്നുണ്ട്. കൃഷി ഭൂമിയുടെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ മൂന്ന് തരത്തിലാണ് ധനസഹായം. 5 മുതൽ 30 സെന്റ് വരെ സ്ഥല വിസ്തൃതിയുള്ളവർക്ക് 30,000/- രൂപ, 30 മുതൽ 40 സെന്റ് വരെ 40,000/- രൂപ, അതിനുമുകളിൽ വർഷത്തിൽ 50,000/- രൂപ എന്നിങ്ങനെയാണ് ധനസഹായ നിരക്ക്. പ്രധാന കൃഷിക്കൊപ്പം അനുബന്ധ സംരംഭങ്ങളായ കോഴി വളർത്തൽ/ആട്ട വളർത്തൽ/പോഷകത്തോട്ടം/ തേനീച്ച കൃഷി/കൂൺ കൃഷി/പശു വളർത്തൽ/മത്സ്യ കൃഷി/ജൈവവള നിർമ്മാണം/മുയൽ വളർത്തൽ/ അക്വാപോണിക്സ് തുടങ്ങിയവയിൽ നിന്നും അഞ്ച് സംരംഭങ്ങളെങ്കിലും ഏറ്റെടുത്ത് നടപ്പിലാക്കുന്നതാണ് ജൈവഗൃഹം പദ്ധതി. കർഷക വരുമാനം ഇരട്ടിപ്പിക്കുക എന്ന സംസ്ഥാന സർക്കാരിന്റെ ആശയത്തിന്റെ അടിസ്ഥാനത്തിലാണ് ഈയൊരു പദ്ധതി ആവിഷ്കരിക്കപ്പെട്ടിരിക്കുന്നത്. വ്യക്തമായ ഫാം പ്ലാൻ തയ്യാറാക്കി അംഗീകരിക്കപ്പെട്ട ശേഷമാണ് ഓരോ ഗുണഭോക്താവും പദ്ധതി ആരംഭിച്ചിരിക്കുന്നത്. ഒന്നിലധികം സംരംഭങ്ങൾ ഉള്ളതുകൊണ്ടു തന്നെ വർഷം മുഴുവൻ വരുമാനം കർഷകന് ഉറപ്പുവരുത്താനാകും എന്നതാണ് സംയോജിത യൂണിറ്റുകളുടെ പ്രത്യേകത. പരമാവധി യുവാക്കളെയും കോവിഡ്-19 മൂലം നാട്ടിൽ തിരിച്ചെത്തിയിട്ടുള്ള പ്രവാസികളെയും കൃഷിയിലേയ്ക്ക് ആകർഷിച്ച് ഒരു സുസ്ഥിരവരുമാനം ഉറപ്പുവരുത്തുക എന്നതു കൂടി പദ്ധതി ലക്ഷ്യമിടുന്നുണ്ട്. 14,000 ഗുണഭോക്താക്കളായിരുന്നു ലക്ഷ്യമെങ്കിലും പദ്ധതിയുടെ പൊതു സ്വീകാര്യത മൂലം കൂടുതൽ ഗുണഭോക്താക്കൾ ഈ പദ്ധതിയുടെ ഭാഗമായി. ഓരോ ഗുണഭോക്താവും വരവുചെലവുകൾ കണക്കാക്കി വ്യക്തമായ ഫാം പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. നിലവിലുള്ളതിനേക്കാൾ അധിക വരുമാനവും സുസ്ഥിര ആദായവും ഉറപ്പു വരുത്തുന്ന രീതിയിലാണ് കൃഷി അനുബന്ധ മേഖലയിലെ വിദഗ്ധരുടെ സഹായത്തോടെ ഫാം പ്ലാനുകൾ അംഗീകരിച്ച് നടപ്പിലാക്കുന്നത്. ഇത്തരം പ്രോജക്ടുകൾ ബാങ്കുകളിൽ സമർപ്പിച്ച് ആവശ്യമുള്ളവർക്ക് വായ്പാ സൗകര്യങ്ങൾ കിസാൻ ക്രെഡിറ്റ് കാർഡിലൂടെ ലഭ്യമാക്കുന്നതിന് കൃഷി വകുപ്പ് ശുപാർശ ചെയ്തിട്ടുണ്ട്. തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ, കൃഷി അനുബന്ധ വകുപ്പുകൾ എന്നിവയുമായി സംയോജിപ്പിച്ചാണ് പദ്ധതി നടപ്പിലാക്കുന്നതെന്നത് ഇതിന്റെ മറ്റൊരു പ്രത്യേകതയാണ്. അതുകൊണ്ടു തന്നെ വിവിധ വകുപ്പുകളിൽ നിന്നും അത്തരം സംരംഭങ്ങൾക്കുള്ള ധനസഹായവും കൂടി

| | | | |
|---|---|---|---|
| | | | ഗുണഭോക്താവിന് ലഭ്യമാകും. വളരെ വേഗം ആദായം ലഭ്യമായി തുടങ്ങുകയും നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ വായ്പ തിരിച്ചടയ്ക്കുന്നതിനും ഗുണഭോക്താക്കൾക്ക് സാധിക്കുന്നതാണ്. ജൈവഗൃഹം സംയോജിത കൃഷി സമ്പ്രദായം പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്തെ ജില്ലകളിൽ നടപ്പാക്കിയ പ്രോജക്ടുകൾ, അവയ്ക്കായി വകയിരുത്തിയ തുക, പദ്ധതി നിർവ്വഹണം എന്നിവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം | ജില്ല | ഒന്നാം വർഷം വകയിരുത്തിയ തുക | രണ്ടാം വർഷം വകയിരുത്തിയ തുക | ആകെ വകയിരുത്തിയ തുക | നാളിതുവരെ ചിലവായ തുക | നാളിതുവരെ സ്ഥാപിച്ച സംയോജിത കൃഷി യൂണിറ്റുകൾ |
|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 185.5 | 79.5 | 265 | 265 | 830 |
| 2 | കൊല്ലം | 178.5 | 76.5 | 255 | 254.58 | 857 |
| 3 | പത്തനംതിട്ട | 181.3 | 77.7 | 259 | 258.52 | 820 |
| 4 | ആലപ്പുഴ | 244.3 | 104.7 | 349 | 323.155 | 1052 |
| 5 | കോട്ടയം | 231 | 99 | 330 | 329.30999 | 961 |
| 6 | ഇടുക്കി | 381.5 | 163.5 | 545 | 538.826 | 1503 |
| 7 | എറണാകുളം | 231.049 | 87.951 | 319 | 318.37 | 922 |
| 8 | തൃശ്ശൂർ | 343.455 | 153.545 | 497 | 483.369 | 1445 |
| 9 | പാലക്കാട് | 221.2 | 94.8 | 316 | 315.1 | 882 |
| 10 | മലപ്പുറം | 325.40963 | 144.59037 | 470 | 460.28147 | 1373 |
| 11 | കോഴിക്കോട് | 219.1 | 93.9 | 313 | 312.7 | 906 |
| 12 | വയനാട് | 362.4 | 167.63 | 530.03 | 525.16 | 1451 |
| 13 | കണ്ണൂർ | 199.5 | 85.5 | 285 | 284.34 | 793 |
| 14 | കാസർഗോഡ് | 186.9 | 80.1 | 267 | 265.95 | 746 |
| | **ആകെ** | **3491.11363** | **1508.91637** | **5000.03** | **4934.66146** | **14541** |

(തുക ലക്ഷം രൂപയിൽ)